## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 14



കെ.ടി അബ്ദുർറഹീം

സദ്റുദ്ദീൻ വാഴക്കാട്

# ‘നീ എന്തിനാണ് കരയുന്നത്?’

**മഹല്ല് ഖാദിയെന്ന നിലക്ക് ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു. മഹല്ല് നിവാസികൾക്കിടയിലുണ്ടാകുന്ന വഴക്കുകൾ, സ്വത്ത് തർക്കങ്ങൾ, കേസുകൾ തുടങ്ങിയവയിലൊക്കെ ഇടപെടുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തു. പോലീസ് കേസ് ഇല്ലാത്ത രീതിയിൽ പ്രശ്നങ്ങൾക്ക് തീർപ്പുകൽപിക്കുക, വിവാഹകാര്യങ്ങൾ മാതൃകാപരമാക്കുക, നിർധനരുടെ വിവാഹം, തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ, വീടു നിർമാണം തുടങ്ങിയ കാര്യങ്ങൾ സജീവമാക്കി.**

**1995** മാർച്ച് 18. അബൂദബിയിലെ മുസ്വഫ്ഫയിൽ ക്ലാസെടുത്തുകൊണ്ടിരിക്കുമ്പോൾ എന്റെ പേജർ ശബ്ദിച്ചു. രണ്ടുതവണ ആവർത്തിച്ചപ്പോൾ ഞാൻ പേജറെടുത്ത് ക്ലാസിലുണ്ടായിരുന്ന മകൻ സ്വാലിഹിന്റെ കൈയിൽ കൊടുത്തു. നമ്പർ നോക്കി തിരിച്ചു വിളിക്കാൻ പറഞ്ഞു. (പേജർ മൊബൈൽ ഫോണിന്റെ ആദ്യത്തെ രൂപമാണ് എന്നു പറയാം. അതിൽ നമ്പർ കാണും, സംസാരിക്കാൻ കഴിയില്ല. നമ്പർ നോക്കി ലാന്റ് ഫോണിൽ നിന്ന് തിരിച്ചുവിളിക്കണം). ഷാർജയിൽനിന്നായിരുന്നു വിളി. നാട്ടിൽനിന്ന് അനുജൻ അബ്ദുൽ ഗഫൂറിന്റെ ഫോണുണ്ടായിരുന്നു. തിരിച്ചു വിളിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതായിരുന്നു വിവരം.

### അനുജന്റെ മരണം

അബ്ദൽ ഗഫൂർ ഒരു വർഷമായി കാൻസർ ബാധിച്ച് കിടപ്പിലായിരുന്നു. ഗുരുതരാവസ്ഥയിലാണ് അപ്പോൾ. ഫോണിൽ സംസാരിച്ചപ്പോൾ എന്നെ കാണണമെന്നാവശ്യപ്പെട്ടു. 18-നു രാത്രി തന്നെ ഞാൻ ഷാർജയിലെത്തി. എടപ്പാൾ സ്വദേശി ദീനാർ ഹുസൈനുമായി ബന്ധപ്പെട്ട് വിമാനടിക്കറ്റ് ശരിയാക്കി. മാർച്ച് 19-ന് രാവിലെ നാട്ടിലെത്തി അനുജനെ കണ്ടു. “നിന്നെ കാണാൻ വേണ്ടി ഞാൻ എന്നെ പിടിച്ചു നിർത്തിയതാണ്. ഇനി എനിക്ക് ഒരുദിവസം കൂടിയേ ബാക്കിയുള്ളൂ. എന്റെ മക്കളെ നീ ഏറ്റെടുക്കണം. നിന്നെയല്ലാതെ എന്റെ കുട്ടികളെ മറ്റാരെയാണ് ഏൽപിക്കുക!” ഗഫൂർ പറഞ്ഞു. ഞാൻ അവനെ ആശ്വസിപ്പിച്ചു. കുട്ടികളെയൊക്കെ സംരക്ഷിക്കുമെന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. മരണാസന്നനായിക്കിടക്കുന്ന അവനോട് മറ്റെന്താണ് അപ്പോൾ പറയുക. മാർച്ച് 19-ന് രാവിലെയാണ് ഞാൻ നാട്ടിലെത്തിയത്. മാർച്ച് 20-ന് രാവിലെ പത്തുമണിക്ക് ഗഫൂർ അല്ലാഹുവിലേക്ക് യാത്രയായി.

രണ്ടുമാസം കഴിഞ്ഞ് ഞാൻ വീണ്ടും വിദേശത്തുപോയി. ഏതാനും മാസങ്ങൾ അവിടെ നിന്നു. യു.എ.ഇ വാട്ടർ സപ്ലൈയിലെ ഉദ്യോഗസ്ഥനായ മമ്പാട് സ്വദേശി സയ്യിദ് ഹുസൈനെ യു.എ.ഇ ഐ.സി.സിയുടെ പ്രസിഡന്റും വളാഞ്ചേരി പി. കുഞ്ഞുമുഹമ്മദ് മൗലവിയെ സെക്രട്ടറിയുമായി തെരഞ്ഞെടുത്തു. തുടർന്ന്, നേരത്തെ സൂചിപ്പിച്ചതുപോലെ

1996-ൽ ഗൾഫ് മേഖലയിലെ പ്രവർത്തനങ്ങൾ നിർത്തി ഞാൻ നാട്ടിലേക്ക് മടങ്ങി.

### ശാന്തപുരം മഹല്ല് ഖാദി

ഗൾഫിൽനിന്നും തിരിച്ചെത്തിയ ശേഷം ജമാഅത്തിന്റെ ശൂറയിലും അഖിലേന്ത്യാ പ്രതിനിധിസഭയിലുമുള്ള അംഗത്വം ഒഴികെ മറ്റ് ഉത്തരവാദിത്വങ്ങളൊന്നും ഏറ്റെടുത്തിട്ടില്ല. ശമ്പളം വാങ്ങിക്കൊണ്ടുള്ള ജോലിയും ചെയ്തിട്ടില്ല. ഖുത്ബകളും സ്റ്റഡിക്ലാസുകളുമൊക്കെ കുറേയേറെ നടത്തിയിട്ടുണ്ട്. ശാന്തപുരം മഹല്ലിന്റെ ഖാദിയായിരുന്നതാണ് അതിൽപ്രധാനം.

കേരളത്തിൽ ഏറ്റവും വ്യവസ്ഥാപിതവും മാതൃകാപരവുമായി പ്രവർത്തിക്കുന്ന മഹല്ലുകളിലൊന്നാണ് ശാന്തപുരം. ഹാജിസാഹിബിന്റെയും ഇസ്സുദ്ദീൻ മൗലവിയുടെയും മറ്റും നേതൃത്വത്തിൽ വമ്പിച്ച പരിവർത്തനം സാധിച്ച മഹല്ലാണ്. അതിന്റെ വിശദമായ ചരിത്രം പലപ്പോഴായി *പ്രബോധന*ത്തിൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

1996 മുതൽ തുടർച്ചയായി ആറു വർഷം ശാന്തപുരം മഹല്ലിന്റെ ഖാദിയും ഖത്വീബുമായി പ്രവർത്തിച്ചു. നേരത്തെ നടന്നുവന്നിരുന്ന നിരവധി മാതൃകാ സംരംഭങ്ങളും പദ്ധതികളും ശാന്തപുരം മഹല്ലിലുണ്ട്. അവ വ്യവസ്ഥാപിതവും കൂടുതൽ സജീവവും കുറ്റമറ്റതുമാക്കിത്തീർക്കാൻ പരമാവധി പരിശ്രമിച്ചു. പലിശരഹിത നിധിയും സംഘടിത സകാത്തുമായിരുന്നു അതിൽ പ്രധാനം. നേരത്തെ പ്രവർത്തിച്ചുവന്നിരുന്ന പലിശരഹിത നിധി കൂടുതൽ ഫണ്ട് കണ്ടെത്തി വിപുലീകരിക്കാനും കൂടുതൽ പേർക്ക് സഹായം നൽകാൻ കഴിയുംവിധം വളർത്തിയെടുക്കാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. മഹല്ലിന്റെ ഭാരവാഹികളും അംഗങ്ങളും അതിൽ കാര്യമായി പങ്കുവഹിച്ചു. അങ്ങനെ പലിശരഹിതനിധി വലിയൊരു സംരംഭമായി വളർന്നു. സംഘടിത സകാത്തിന്റെ വിഷയത്തിൽ നേരത്തെ സ്വീകരിച്ചുവരുന്ന നയം ശാന്തപുരത്തും നടപ്പിലാക്കി. സകാത്തിന്റെ അവകാശികൾക്ക്, അവരുടെ പ്രശ്നങ്ങൾ ഏറക്കുറെ പരിഹരിക്കുകയും ഒരു സ്ഥിരം വരുമാനമാർഗം ഉണ്ടാക്കികൊടുക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചത്. ഒരു ജീവിതമാർഗവുമില്ലാത്തവർക്ക് പ്രതിമാസ റേഷൻ കൊടുക്കാനും സംവിധാനമുണ്ടാക്കി.



എം. മുഹമ്മദ് മൗലവി

**രോഗബാധിതനായി കിടന്ന എം.എമ്മിനെ കാണാൻ ഒരിക്കൽ ഞാൻ ചെന്നു. അദ്ദേഹം മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് മങ്കട ഹോസ്പിറ്റലിലായിരുന്നു അത്. ഞാൻ ചെല്ലുമ്പോൾ അദ്ദേഹം മകന്റെ സഹായത്തോടെ വസ്ത്രം മാറുകയാണ്. ആ രംഗം കണ്ട് എനിക്ക് സങ്കടം വന്നു, എന്റെ കണ്ണുകൾ നിറഞ്ഞു. അതുകണ്ട എം.എം പറഞ്ഞു: "നീ എന്തിനാണ് കരയുന്നത്, മുഹമ്മദ് നബിയെക്കാൾ രണ്ടുവർഷം അധികം ജീവിച്ചില്ലേ ഞാൻ?" അറുപത്തിയഞ്ചാമത്തെ വയസ്സിലാണ് അദ്ദേഹം മരണപ്പെട്ടത്.**

മഹല്ല് ഖാദിയെന്ന നിലക്ക് ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു. മഹല്ല് നിവാസികൾക്കിടയിലുണ്ടാകുന്ന വഴക്കുകൾ, സ്വത്ത് തർക്കങ്ങൾ, കേസുകൾ തുടങ്ങിയവയിലൊക്കെ ഇടപെടുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തു. പോലീസ് കേസ് ഇല്ലാത്ത രീതിയിൽ പ്രശ്നങ്ങൾക്ക് തീർപ്പുകൽപിക്കുക, വിവാഹകാര്യങ്ങൾ മാതൃകാപരമാക്കുക, നിർധനരുടെ വിവാഹം, തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ, വീടു നിർമാണം തുടങ്ങിയ കാര്യങ്ങൾ സജീവമാക്കി. വ്യക്തികൾക്കും കുടുംബങ്ങൾക്കുമിടയിൽ എന്തെങ്കിലും വിഷയത്തിൽ കലഹം ഉണ്ടായാൽ തുടക്കത്തിൽ തന്നെ ഇടപെടുകയും വഴക്ക് രൂക്ഷമാകാതെ രമ്യതയിലെത്തിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

അഞ്ചുവർഷം ഖാദിയായിരിക്കുമെന്നാണ് ഞാൻ ഏറ്റിരുന്നതെങ്കിലും ഒരു വർഷം കൂടി അത് നീണ്ടു. ആറുവർഷത്തിനുശേഷം 2002ലാണ് ശാന്തപുരം മഹല്ല് ഖാദിയുടെ ചുമതലയിൽനിന്ന് ഒഴിഞ്ഞത്.

### ജുമുഅ ഖുത്ബകൾ

ആറുവർഷം ശാന്തപുരം പള്ളിയിൽ ഖുത്ബ നിർവഹിച്ചു. നാട്ടുകാരും ജുമുഅക്കുണ്ടാകുമെങ്കിലും മഹാഭൂരിപക്ഷവും കോളേജിലെ വിദ്യാർഥികളായിരിക്കും. അതുകൊണ്ട് വിദ്യാർഥികളിൽ വിപ്ലവാത്മകമായ ചിന്തകൾ സൃഷ്ടിക്കുകയും അവരെ വിഷയങ്ങൾ നിരൂപണബുദ്ധിയോടെ ആഴത്തിൽ പഠിക്കുന്നവരും അന്വേഷണ കുതുകികളുമാക്കുന്ന രീതിയിലുള്ള ഖുത്ബകളാണ് ശാന്തപുരം പള്ളിയിൽ ഞാൻ നിർവഹിച്ചിരുന്നത്. അതിന് കുറേയൊക്കെ ഫലമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഓരോ ഖുത്ബയും വിദ്യാർഥികൾ ക്ലാസുകളിൽ ചർച്ചാ വിധേയമാക്കുകയും പഠിക്കുകയും ചെയ്തിരുന്നു. 'നിങ്ങൾ ഒരു വെള്ളിയാഴ്ച ഖുത്ബ നടത്തിയാൽ അടുത്ത വെള്ളിവരെ ഞങ്ങൾക്ക് അത് തലവേദനയാണ്' എന്ന് അധ്യാപകരിൽ ചിലർ പറയാറുണ്ടായിരുന്നു!

ശനിയാഴ്ച മുതൽ വ്യാഴാഴ്ചവരെ ആറുദിവസംകൊണ്ടാണ് വെള്ളിയാഴ്ചയിലെ ഖുത്ബക്കുവേണ്ടി തയാറെടുക്കുക. മഹല്ലിലെ ജനങ്ങളുടെ അവസ്ഥ മുമ്പിൽവെച്ച് ഖുത്ബയുടെ വിഷയം തീരുമാനിക്കും. നമ്മുടെ രാജ്യത്തും ലോകത്തും നടക്കുന്ന പ്രശ്നങ്ങളെന്തെങ്കിലും വിഷയമാകേണ്ടതുണ്ടെങ്കിൽ അതും കൂട്ടിച്ചേർക്കും. അന്താരാഷ്ട്ര വിഷയങ്ങളും മറ്റും മിക്കവാറും ഖുത്ബയുടെ വിഷയമാക്കാറില്ല. പ്രാദേശികമായ പ്രശ്നങ്ങളിലായിരിക്കും ഖുത്ബ ഊന്നുക. കുടുംബ ജീവിതത്തെ കുറിച്ചാണ് ഖുത്ബയെങ്കിൽ യൂറോപ്യൻ സമൂഹത്തിലെ കുടുംബ തകർച്ചയും മറ്റും പരാമർശിക്കുമെങ്കിലും അതിലായിരിക്കില്ല ഊന്നൽ. ഇസ്‌ലാമിന്റെ കുടുംബ

ജീവിതത്തിലെ അധ്യാപനങ്ങൾ അവതരിപ്പിക്കുകയും മറ്റു വിഷയങ്ങൾ അതിന് സഹായകമായ അളവിൽ മാത്രം പറയുകയും ചെയ്യും.

ശ്രോതാക്കളിലാരെയെങ്കിലും ആക്ഷേപിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യുന്ന രീതി ഖത്വീബിന് ചേർന്നതല്ല. 'പാടില്ല, ഉപേക്ഷിക്കണം' എന്നു നാം പറയുന്ന തിന്മകൾ ആരിലെങ്കിലും ഉള്ളതാണെങ്കിൽ അതവർക്കു മനസ്സിലാകുന്ന ശൈലിയിൽ അവതരിപ്പിക്കാം. പക്ഷേ അത് അവരെ മുറിവേൽപിക്കുന്ന രീതിയിലാകരുത്. ഒരു ഖത്വീബ് ഗുണകാംക്ഷിയാണെന്ന കാര്യം മറക്കാൻ പാടില്ലാത്തതാണ്.

ഒരു ആഴ്ചകൊണ്ട് തയാറാക്കുന്ന ഖുത്വ്ബക്ക് വ്യാഴാഴ്ചയാണ് ഖുർആൻ ആയത്ത് തെരഞ്ഞെടുക്കുക. വ്യാഴാഴ്ച രാത്രിയോ, വെള്ളിയാഴ്ച രാവിലെയോ ഇരുന്ന് പെട്ടെന്ന് ഖുത്വ്ബ തയാറാക്കുന്ന രീതി എനിക്കില്ല. അടുത്ത വെള്ളിയാഴ്ച നടത്തേണ്ട ഖുത്വ്ബയെകുറിച്ച് ഓരോ ദിവസവും ഒരു പ്രാവശ്യമെങ്കിലും ചിന്തിക്കും. ഉപയോഗിക്കേണ്ട വാക്കുകളെയും വാചകങ്ങളെയും കുറിച്ച് നേരത്തെ ഒരു ധാരണയുണ്ടാക്കും. ദോഷകരമാകും എന്നു തോന്നുന്ന വാക്കുകളും വാചകങ്ങളും ഒഴിവാക്കും.

പ്രാദേശികമായി പ്രത്യേക പ്രശ്നങ്ങളെന്തെങ്കിലും ഉണ്ടായാൽ ഉടനെത്തന്നെ അതിനോട് പ്രതികരിച്ചുകൊണ്ട് ഖുത്വ്ബ നടത്താറുണ്ടായിരുന്നില്ല. രണ്ടോ മൂന്നോ ആഴ്ച കഴിഞ്ഞ ശേഷമാണ് ആ വിഷയം ഖുത്വ്ബയിൽ സൂചിപ്പിക്കുക. അതുതന്നെ തെറ്റുചെയ്തവർക്ക് അത് ബോധ്യംവരികയും തെറ്റു തിരുത്താൻ തോന്നുകയും ചെയ്യുന്ന രീതിയിലായിരിക്കും. അവരെ ആക്ഷേപിക്കുകയോ പ്രകോപിപ്പിക്കുകയോ ചെയ്യുന്ന വിധത്തിലായിരിക്കില്ല. ഉദാഹരണമായി, മഹല്ലിൽ നടന്ന ഒരു വിവാഹത്തിൽ തെറ്റായ കാര്യങ്ങൾ സംഭവിച്ചുവെന്ന് വെക്കുക. അടുത്ത വെള്ളിയാഴ്ച തന്നെ അതിനെ വിമർശിച്ച് ഖുത്വ്ബ നടത്തിയാൽ അത് നാട്ടിൽ സംസാരവിഷയമാകും. ജനങ്ങൾ പരസ്യമായി വിവാഹം നടത്തിയ വീട്ടുകാർക്കെതിരെ സംസാരിക്കും. അവർ അപമാനിതരായേക്കും. ഇത് വിപരീതി ഫലമായിരിക്കും സൃഷ്ടിക്കുക. നമുക്കാവശ്യം ജനങ്ങൾ തെറ്റുകൾ തിരുത്തുകയും പിഴവുകൾ പരിഹരിക്കുകയുമാണ്. അതിന് വഴിയൊരുക്കുന്ന ശൈലിയാണ് ഖത്വീബ് സ്വീകരിക്കേണ്ടത്. സജീവ ചർച്ചകൾ ശാന്തമായ ശേഷമാണ് ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാൻ നല്ലത്. അതിന്റെ ഫലം ജനങ്ങളിൽ വീണ്ടുവിചാരം സൃഷ്ടിക്കുന്നതായിരിക്കും. വികാരം തണുത്ത ശേഷം ബുദ്ധിയോടാണ് സംവദിക്കേണ്ടത്.

മഹല്ലിലെ ജനം ബഹുവിധ സ്വഭാവവും ഭിന്ന പ്രകൃതിയുമുള്ളവരായിരിക്കും. ഈ വൈവിധ്യവും വിഭിന്നതയും മനസ്സിലാക്കിയും ഉൾക്കൊണ്ടും ഐക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുമായിരിക്കണം ഖുത്വ്ബകൾ. ഖത്വീബ് ഏതെങ്കിലുമൊരു പക്ഷം ചേരാൻ പാടുള്ളതല്ല. മഹല്ലിലെ ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന രീതി സ്വീകരിക്കരുത്. മഹല്ല് നിവാസികൾക്കിടയിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് ഉരുക്കി ഇല്ലാതാക്കുകയാണ് ഖത്വീബിന്റെ ചുമതല. ആളുകളുടെ വെറുപ്പും ദേഷ്യവുമൊന്നും പരിഗണിക്കാതെ അവരെ സ്നേഹിക്കണം. മിക്കവാറും മഹല്ലുകളിലൊക്കെ അമുസ്‌ലിംകൾ ഉണ്ടാകും. അവരെ അർഹമായ രീതിയിൽ പരിഗണിക്കുന്ന ഒരു മനസ് മഹല്ല് നിവാസികൾക്കിടയിൽ സൃഷ്ടിക്കാൻ പരിശ്രമിക്കണം. അവരുടെ കൂടി നേതൃത്വമുള്ള ആളായി ഖത്വീബ് മാറണം. പലതരം തിന്മകളിൽ അകപ്പെട്ടുപോയവരുണ്ടാകും. അവരെ മോശക്കാരായി കണ്ട് മാറ്റി നിർത്തുകയോ അവഗണിക്കുകയോ ചെയ്യരുത്. അതവരെ പിശാചിന്റെ കൈകളിലേൽപിക്കലാണ്. അവരെ തെറ്റിൽനിന്ന് മോചിപ്പിക്കാനുള്ള വഴികൾ അന്വേഷിക്കണം. മദ്യപാനിയായ ഒരാളെ കൂട്ടുകാരനായി കണ്ട്, സൗഹൃദം സ്ഥാപിച്ച് പതുക്കെ പതുക്കെ ആ തിന്മയിൽനിന്ന് മോചിപ്പിക്കാൻ ഖത്വീബ് പരിശ്രമിക്കണം. ആളുകളുടെ ചുമലിൽ കൈയിട്ട് അവരിലൊരാളായി ജീവിച്ചാൽ ജനങ്ങളിൽ സ്വാധീനം ഉണ്ടാക്കാനും പരിവർത്തനങ്ങൾ സൃഷ്ടിക്കാനും കഴിയും. ഞാറയിൽകോണം മഹല്ലിൽ ഉൾപ്പെടെ പല സ്ഥലങ്ങളിലും അത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വ്യക്തിയിലുള്ള തിന്മയെ വെറുക്കുമ്പോൾ തന്നെ ആ വ്യക്തിയെ സ്നേഹിക്കണം. പലപ്പോഴും തിന്മകളോടുള്ള എതിർപ്പ് അത് ചെയ്യുന്ന വ്യക്തികളോടുള്ള വെറുപ്പാകാറുണ്ട്. ഇത് ഒരു പ്രബോധകന് ഒരിക്കലും പാടില്ലാത്തതാണ്. മഹല്ലിന്റെ ഖത്വീബുമാരും ഈ സമീപനം സ്വീകരിക്കരുത്.

സമൂഹത്തിലെ ഏതു സാധാരണക്കാരനും മനസ്സിലാകുന്ന ഭാഷയായിരിക്കും ഖുത്വ്ബയിൽ ഉപയോഗിക്കുക. ജനങ്ങൾക്ക് മനസിലാകാത്ത 'ഗംഭീരമായ' ഖുത്വ്ബകൾ നടത്തിയതുകൊണ്ട് എന്താണ് പ്രയോജനം! അതിനാണ് ഖുത്വ്ബയിലെ വാക്കുകളെയും വാചകങ്ങളെയും കുറിച്ചുപോലും നേരത്തേ ആലോചിക്കുന്നത്. യാദൃഛികമായി ഒരു വാക്ക് അൽപം കട്ടിയുള്ളത് ഉപയോഗിച്ചുപോയാൽ അത് രണ്ടാമതും ആവർത്തിക്കുകയും ജനങ്ങൾക്ക് അതിന്റെ ഉദ്ദേശ്യം മനസിലാക്കിക്കൊടുക്കുകയും ചെയ്യും. ഭാഷയും വിഷയങ്ങളും സാധാരണക്കാരെ പരിഗണിച്ചുകൊണ്ടായിരിക്കണം. ഒരു ഖുത്വ്ബയിൽ ഒരുപാട് വിഷയങ്ങൾ അവതരിപ്പിക്കരുത്. ഒരു വിഷയവും അതിന്ന് ആവശ്യമായ വിശദീകരണവും മാത്രം നൽകുക. എങ്കിലേ ജനങ്ങൾക്ക് ചിന്തിക്കാനും മനസ്സിലാക്കാനും കഴിയൂ.

ഖത്വീബ് ശബ്ദത്തിന്റെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണം. കേൾവിക്കാരെ അസ്വസ്ഥരാക്കുകയും അലോസരപ്പെടുത്തുകയും ചെയ്യുന്ന ശബ്ദം ഉണ്ടാക്കരുത്. അത്യുച്ചത്തിലോ വികാരഭരിതമായോ ഖുത്വ്ബ നടത്തരുത്. ശാന്തമായി ജനങ്ങളുടെ മനസിലേക്ക് വിഷയങ്ങൾ കടത്തിവിടുന്ന ശൈലി സ്വീകരിക്കണം. ശബ്ദം ജനങ്ങളെ ആകർഷിക്കുന്നതാണ്. എന്നാൽ ചിലപ്പോളത് ജനങ്ങളെ അകറ്റുന്നതും വെറുപ്പിക്കുന്നതുമായിരിക്കും. ചില ഖുത്വ്ബകൾ കേട്ടാൽ ജനങ്ങൾക്ക് എഴുന്നേറ്റോടാൻ തോന്നും. ശത്രുക്കളല്ലല്ലോ ഖുത്വ്ബ കേൾക്കാൻ വരുന്നത്. ഫലസ്ത്വീനെക്കുറിച്ച് ഖുത്വ്ബ നടത്തുമ്പോൾ ഇസ്രയേൽ സൈന്യമോ ഭരണാധികാരികളോ അല്ല ഖത്വീബിന്റെ മുമ്പിലുള്ളത് എന്ന് ഓർക്കണം. ബഹളം വെക്കലല്ല ഖുത്വ്ബ. ശരീരം മുഴുവൻ ഇളക്കലുമല്ല. പ്രസംഗത്തിലെ അംഗചലനങ്ങൾ സ്വാഭാവികമായി വരേണ്ടതാണ്. മിമ്പറിൽ അതിനും നല്ല നിയന്ത്രണം ഉണ്ടാകണം. ഖുത്വ്ബ രാഷ്ട്രീയ പ്രസംഗമാകരുത്. ഇതൊക്കെയാണ് ഖുത്വ്ബയുടെ കാര്യത്തിൽ ഞാൻ ശ്രദ്ധിക്കാറുള്ള പ്രധാന സംഗതികൾ. ഞാറയിൽകോണം, എറണാകുളം മദീനാ മസ്ജിദ്, മലപ്പുറം മസ്ജിദുൽ ഫത്ഹ്, പെരുമ്പിലാവ് അൻസാർ, ശാന്തപുരം തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടുള്ള ഖുത്വ്ബകളാണ് നടത്തിയിരുന്നത്.

### ശാന്തപുരം കോളേജിൽ

ജമാഅത്ത് അമീറിന്റെ നിർദേശപ്രകാരം ഒരു വർഷം ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പ്രിൻസിപ്പൽ

സ്ഥാനവും വഹിച്ചു. ക്ലാസുകൾ എടുക്കുകയോ പ്രിൻസിപ്പൽ സ്ഥാനത്തിരുന്നുകൊണ്ട് കോളേജിൽ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. അതിന് എനിക്ക് സാധിക്കുമായിരുന്നില്ല. പക്ഷേ, അമീറിന്റെ നിർദേശം പാലിക്കാൻ ബാധ്യതയുള്ളതുകൊണ്ട് ഒരുവർഷം ആ തസ്തികയിൽ ഇരുന്നു. ദിവസവും ഒരു മണിക്കൂർവീതം കോളേജിൽ ചെലവഴിക്കും. ഒപ്പിടാനുള്ള പേപ്പറുകളിൽ ഒപ്പിട്ടുകൊടുക്കും.

രണ്ടു കാര്യങ്ങളാണ് പ്രിൻസിപ്പലായിരിക്കെ കോളേജിൽ പ്രധാനമായും നടപ്പിലാക്കിയത്. ഒന്ന്, ഹോസ്റ്റലിൽ കുട്ടികളെ നോക്കിയിരുന്ന ആളെ 'വാർഡൻ' എന്നാണ് വിളിച്ചിരുന്നത്. അതുമാറ്റി 'മുർഷിദ്' (മാർഗദർശി) എന്നാക്കി. വിദ്യാർഥികൾക്ക് വിഷയങ്ങൾ പഠിക്കാൻ വേണ്ടിയുള്ള മോഡൽ പാർലമെന്റിൽ, പൗരാണിക ഖുർആൻ വ്യാഖ്യാനങ്ങൾ മാത്രമേ തെളിവായി ഉദ്ധരിക്കാവൂ എന്നൊരു നിയമമുണ്ടായിരുന്നു. അതു ഭേദഗതി ചെയ്ത് ആധുനിക തഫ്സീറുകളും ഉദ്ധരിക്കാമെന്ന് തീരുമാനിച്ചു. ഒരു വർഷത്തിനുശേഷം പ്രിൻസിപ്പൽ സ്ഥാനത്തുനിന്നു ഒഴിവായി.

പിന്നീട് ശാന്തപുരം കോളേജിൽ കുറച്ചുകാലം അധ്യാപകനായി. ആദ്യത്തെ വർഷം ഉസ്വൂലുദ്ദീൻ കോഴ്സിലെ ഒന്നാംവർഷ വിദ്യാർഥികൾക്ക് 'അൽബുഹൂസുൽ ഇസ്‌ലാമിയ്യ' എന്ന വിഷയമാണ് എനിക്ക് പഠിപ്പിക്കാനുണ്ടായിരുന്നത്. ആ വിദ്യാർഥികൾ കോഴ്സ് പൂർത്തിയാക്കുന്നതുവരെ എല്ലാ ക്ലാസുകളിലും അതേവിഷയം തുടർച്ച നിലനിർത്തിക്കൊണ്ട് പഠിപ്പിക്കണമെന്നായിരുന്നു ആഗ്രഹം. അത് ഏറെ ഫലപ്രദമായിരിക്കും. എന്നാൽ രണ്ടാം വർഷം മറ്റൊരു ബാച്ചിന് ഖുർആൻ പഠിപ്പിക്കാനാണ് എന്നെ ചുമതലപ്പെടുത്തിയത്. മൂന്നാമത്തെവർഷം ദഅ്‌വാ കോളേജിലും ഇമാം ഖത്വീബ് കോഴ്സിലുമാണ് പഠിപ്പിക്കേണ്ടിയിരുന്നത്. അതിനുശേഷം കോളേജ് അധ്യാപനം നിർത്തി. കോളേജ് വിദ്യാർഥികൾക്ക് ക്ലാസെടുക്കുമ്പോൾ ഏതെങ്കിലും ഒരു കിതാബ് പഠിപ്പിക്കുന്ന രീതിയായിരുന്നില്ല സ്വീകരിച്ചിരുന്നത്. നിർദേശിക്കപ്പെട്ട വിഷയത്തെക്കുറിച്ച് മൗലികമായ സ്വഭാവത്തിൽ വിവിധ വശങ്ങൾ വിശദീകരിച്ച് കൊടുക്കും. റഫർ ചെയ്യേണ്ട പുസ്തകങ്ങൾ നിർദേശിച്ചുകൊടുക്കും. വിദ്യാർഥികൾ അവയൊക്കെ വായിച്ച് വിഷയം പഠിക്കും. അതിനെ കുറിച്ച് ചിന്തിക്കും, നിരൂപണവും ചർച്ചയും നടത്തും. അധ്യാപകൻ എന്ന നിലക്ക് ഞാനൊരു ഗൈഡായിരിക്കും. വിഷയം മുഴുവനായും അധ്യാപകൻ തന്നെ വിദ്യാർഥികളെ പഠിപ്പിക്കുന്നതിനുപകരം അവരെ ചിന്തിപ്പിക്കുന്ന ശൈലിയാണ് അധ്യാപനത്തിൽ സ്വീകരിച്ചത്.



**ഖത്വീബ് ശബ്ദത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. കേൾവിക്കാരെ അസ്വസ്ഥരാക്കുകയും അലോസരപ്പെടുത്തുകയും ചെയ്യുന്ന ശബ്ദം ഉണ്ടാക്കരുത്. അത്യുച്ചത്തിലോ വികാരഭരിതമായോ ഖുത്വ്ബ നടത്തരുത്. ശാന്തമായി ജനങ്ങളുടെ മനസിലേക്ക് വിഷയങ്ങൾ കടത്തിവിടുന്ന ശൈലി സ്വീകരിക്കണം. ശബ്ദം ജനങ്ങളെ ആകർഷിക്കുന്നതാണ്. എന്നാൽ ചിലപ്പോളത് ജനങ്ങളെ അകറ്റുന്നതും വെറുപ്പിക്കുന്നതുമായിരിക്കും. ചില ഖുത്വ്ബകൾ കേട്ടാൽ ജനങ്ങൾക്ക് എഴുന്നേറ്റോടാൻ തോന്നും.**

### എം. മുഹമ്മദ് മൗലവി

ശാന്തപുരം ഇസ്‌ലാമിയാ കോളേജിലെ അധ്യാപകനായിരുന്ന എം. മുഹമ്മദ് മൗലവി പ്രഗത്ഭനായ പണ്ഡിതനായിരുന്നു. മങ്കട സ്വദേശിയായ അദ്ദേഹം പഴയ തലമുറയിലെ ജമാഅത്ത് പ്രവർത്തകനും കഴിവുറ്റ അധ്യാപകനുമായിരുന്നു. ഏതാണ്ട് ആദ്യകാലം മുതലേ ശാന്തപുരം കോളേജിൽ അധ്യാപകനായിരുന്ന എം.എം, ഇന്ന് ജമാഅത്തിലുള്ള ഒട്ടുമിക്ക യുവ പണ്ഡിതന്മാരുടെയും ഗുരുനാഥനാണ്. അവരുടെ വളർച്ചയിൽ ക്രിയാത്മക പങ്കുവഹിച്ചിട്ടുണ്ട് അദ്ദേഹം. അബുൽജലാൽ മൗലവി, ഇസ്ഹാഖലി മൗലവി തുടങ്ങിയവരോടൊപ്പം ശാന്തപുരത്തിന്റെ വളർച്ചയിൽ അദ്ദേഹം വഹിച്ച പങ്ക് മഹത്തരമാണ്. കെ.എം അബ്ദുർറഹീം സാഹിബ്, അബ്ദുപ്പു മൗലവി തുടങ്ങിയവരൊക്കെ എം.എമ്മിനോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്.

ഏതാണ്ടെല്ലാ വിഷയങ്ങളിലും പാണ്ഡിത്യമുണ്ടായിരുന്ന എം.എമ്മിന് അനന്തരാവകാശത്തിലായിരുന്നു പ്രാഗത്ഭ്യം. അറബി ഭാഷയിലും ഇസ്‌ലാമിക ചരിത്രത്തിലും മികച്ച കഴിവുണ്ടായിരുന്ന അദ്ദേഹം നല്ല ചിന്തകനായിരുന്നു. എം.എമ്മിന്റെ മൗലികമായ ചിന്തകളാണ് എന്നെ അദ്ദേഹത്തിലേക്ക് ആകർഷിച്ച പ്രധാന ഘടകം.

രോഗബാധിതനായി കിടന്ന എം.എമ്മിനെ കാണാൻ ഒരിക്കൽ ഞാൻ ചെന്നു. അദ്ദേഹം മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് മങ്കട ഹോസ്പിറ്റലിലായിരുന്നു അത്. ഞാൻ ചെല്ലുമ്പോൾ അദ്ദേഹം മകന്റെ സഹായത്തോടെ വസ്ത്രം മാറുകയാണ്. ആ രംഗം കണ്ട് എനിക്ക് സങ്കടം വന്നു, എന്റെ കണ്ണുകൾ നിറഞ്ഞു. അതുകണ്ട എം.എം പറഞ്ഞു: "നീ എന്തിനാണ് കരയുന്നത്, മുഹമ്മദ് നബിയെക്കാൾ രണ്ടു വർഷം അധികം ജീവിച്ചില്ലേ ഞാൻ?" അറുപത്തിയഞ്ചാമത്തെ വയസ്സിലാണ് അദ്ദേഹം മരണപ്പെട്ടത്. ■

(തുടരും)

sadarvzkd@yahoo.co.in